"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1897/2022-ICDSA5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : #ApprovedDate# 21.09.2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാശിശുവികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്,ഡയറക്ടറേറ്റ്- Early Detection of Disability – Refresher training – നിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്:-

സൂചന:- 1. തിരുവനന്തപുരം ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററിൽ നിന്നുള്ള ഇ മെയിൽ സന്ദേശം.

കുഞ്ഞുങ്ങളിലെ ഭിന്നശേഷിത്വത്തിന്റെ പ്രാരംഭകണ്ടെത്തലുകൾ ,വളർച്ച മുരടിപ്പ്, കുട്ടികളിലെ പോഷകാഹാര പ്രശ്നങ്ങൾ എന്നിവ മുൻകൂട്ടി കണ്ടുപിടിക്കാൻ സാധിക്കുന്ന പക്ഷം ആയത് മാറ്റിയെടുക്കുവാനോ അതിന്റെ വ്യാപ്തി കുറയ്ക്കുവാനോ സാധിക്കുമെന്ന് വൈദ്യശാസ്ത്രം സാക്ഷ്യപ്പെടുത്തുന്നു. കുട്ടിയിലെ വൈകല്യസാധ്യത അങ്കണവാടി ജീവനക്കാർക്ക് മുൻകൂട്ടി തിരിച്ചറിയാൻ കഴിഞ്ഞാൽ കുട്ടിയെ യഥാസമയം ചികിൽസയ്ക്കായി ആശുപത്രിയിലേയ്ക്ക് റെഫർ ചെയ്യുവാനും തുടർന്നുള്ള ഘട്ടങ്ങളിൽ പിന്തുണ നൽകി കുട്ടികളിലെ ഭിന്നശേഷിത്വം സാരമായി കുറയ്ക്കുവാനും അങ്കണവാടി ജീവനക്കാർക്ക് സാധിക്കും.

തിരുവനന്തപുരം ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ മുഖേന സംസ്ഥാനത്തെ ശിശു വികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവർക്കായുള്ള 'Early Detection of Disability' ദ്വിദിന പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാരായ ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവരെ ഉപയോഗിച്ച് സംസ്ഥാനത്തെ 33115 അങ്കണവാടി വർക്കർമാർക്ക് അതാത് ICDS പ്രോജക്ടുകളിൽ പ്രസ്തുത ട്രെയിനിംഗ് ഒറ്റ ദിവസമായി നൽകേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും സംസ്ഥാനത്തെ എല്ലാ സിഡിപിഒ, സൂപ്പർവൈസർമാർക്കും തിരുവനന്തപുരം ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ മുഖേന **ഒരു Refresher ട്രെയിനിംഗ്** നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

***2023 സെപ്റ്റംബർ 23, 26, 28,*** *തീയതികളിൽ* യഥാക്രമം ബാച്ച്-1, ബാച്ച്-2 ,ബാച്ച്-3 എന്നീ മൂന്ന് ബാച്ചുകളിലായി **ഉച്ചയ്ക്ക് 1.30 മുതൽ 3.30 വരെ ഓൺലൈൻ** ആയി Zoom പ്ലാറ്റ്ഫോമിലാണ് പ്രസ്തുത പരിശീലന പരിപാടി നടത്തുന്നത്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ഓരോരുത്തരും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവർ അവരവർക്ക് നിശ്ചയിച്ച് തന്നിട്ടുള്ള ദിവസങ്ങളിൽ പരിശീലന പരിപാടിയിൽ കൃത്യമായും പങ്കെടുക്കേണ്ടതാണ്.
2. ഓരോ ബാച്ചിലും ഉൾപ്പെട്ട ആളുകൾ അവർക്ക് നിശ്ചയിച്ച് തന്നിട്ടുള്ള ദിവസത്തിൽ മാത്രമേ പരിശീലനത്തിൽ പങ്കെടുക്കുവാൻ ഓൺലൈനിൽ ജോയിൻ ചെയ്യാൻ പാടുള്ളൂ.

3. ഓൺലൈൻ പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വീഡിയോ പരിശീലനത്തിന്റെ ആദ്യാവസാനം വരെ 'ഓൺ' പൊസിഷനിൽ തന്നെ ആയിരിക്കണം.
4. സിഡിസിയിൽ നിന്ന് നൽകുന്ന എല്ലാ നിർദ്ദേശങ്ങളും എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.
5. പരിശീലനത്തിന് ഉൾപ്പെട്ട എല്ലാവരും കൃത്യമായി പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് അതാത് ജില്ലാ പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
6. പരിശീലനത്തിനുള്ള ലിങ്ക് ഈ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

EARLY DETECTION OF DISABILITY -Refresher Training Programme

| ക്രമ നം | ജില്ല | സൂപ്പർവൈസർമാരുടെ എണ്ണം (In position) | സിഡിപി ഒ മാരുടെ എണ്ണം | ജില്ലാപ്രോഗ്രാം ഓഫീസർമാരുടെ എണ്ണം | ജില്ലാഓഫീസർമാരുടെ എണ്ണം | ആകെ |
|---|---|---|---|---|---|---|
| | 23-09-23 | | | | | |
| 1 | തിരുവനന്തപുരം | 107 | 24 | 1 | 1 | 133 |
| 2 | കൊല്ലം | 85 | 21 | 1 | 1 | 108 |
| 3 | പത്തനംതിട്ട | 40 | 12 | 1 | 1 | 54 |
| 4 | ആലപ്പുഴ | 75 | 15 | 1 | 1 | 92 |
| 5 | കോട്ടയം | 63 | 15 | 1 | 1 | 80 |
| | TOTAL | 370 | 87 | 5 | 5 | 467 |
| | 26-09-23 | | | | | |
| 1 | ഇടുക്കി | 57 | 13 | 1 | 1 | 72 |
| 2 | എറണാകുളം | 100 | 23 | 1 | 1 | 125 |
| 3 | തൃശ്ശൂർ | 99 | 23 | 1 | 1 | 124 |
| 4 | പാലക്കാട് | 71 | 21 | 1 | 1 | 94 |
| | TOTAL | 327 | 80 | 4 | 4 | 415 |
| | 28-09-23 | | | | | |
| 1 | മലപ്പുറം | 111 | 29 | 1 | 1 | 142 |
| 2 | കോഴിക്കോട് | 94 | 21 | 1 | 1 | 117 |
| 3 | വയനാട് | 32 | 8 | 1 | 1 | 42 |
| 4 | കണ്ണൂർ | 75 | 21 | 1 | 1 | 98 |
| 5 | കാസർഗോഡ് | 39 | 12 | 1 | 1 | 53 |
| | TOTAL | 351 | 91 | 5 | 5 | 452 |
| | GRAND TOTAL | 1048 | 258 | 14 | 14 | 1334 |

#ApprovedDate#

21.09.2023

വനിതാശിശുവികസന ഡയറക്ടർക്കുവേണ്ടി